**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 210** **23-01-2025 - ൽ മറുപടിയ്ക്ക്**

**വാഹനാപകടത്തിൽ പരിക്കേൽക്കുന്നവരുടെ ചികിത്സ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ചാണ്ടി ഉമ്മൻ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | വാഹനാപകടത്തിൽപെട്ടുന്നവർക്ക് ആദ്യ മണിക്കൂറുകളിൽ (ഗോൾഡൻ ഹവർ ) നൽകുന്ന ചികിത്സക്കുള്ള പ്രാധാന്യം കണക്കിലെടുത്ത് ചികിത്സ ഉറപ്പാക്കുന്നതിന് എന്തെല്ലാം നടപടികളാണ് ഈ സർക്കാർ സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ; | (എ) | റോഡപകടങ്ങളിൽപ്പെടുന്നവർക്ക് ആദ്യത്തെ 48 മണിക്കൂറിനകം(ഗോൾഡൻ അവർ) സൗജന്യ ചികിത്സ നൽകുവാനുള്ള പദ്ധതിയാണ് ഗോൾഡൻ അവർ പദ്ധതി. അപകടം സംഭവിച്ചതു മുതലുള്ള ആദ്യ 48 മണിക്കൂറിൽ നൽകുന്ന ചികിത്സയ്ക്കുള്ള പ്രാധാന്യം കണക്കിലെടുത്ത് സർക്കാർ ആശുപത്രികളിലും മെഡിക്കൽ കോളേജുകളിലും മികച്ച ചികിത്സ ഉറപ്പാക്കിയിട്ടുണ്ട്. വാഹനാപകടങ്ങളിൽ പരിക്കേറ്റ് താലൂക്ക് ആശുപത്രി/ജില്ലാ ആശുപതി/ജനറൽ ആശുപത്രി എന്നിവിടങ്ങളിൽ എത്തുന്ന രോഗികൾക്ക് കാഷ്വാലിറ്റി വിഭാഗം മുഖേന ചികിത്സ നൽകി വരുന്നു. കൂടുതൽ ചികിത്സ ആവശ്യമായി വരുന്ന രോഗികളെ മെഡിക്കൽ കോളേജിലേക്ക് റഫർ ചെയ്തു വരുന്നു.<br><br>ട്രോമ കെയർ ചികിത്സയുമായി ബന്ധപ്പെട്ട് മെഡിക്കൽ കോളേജുകളിലും ആരോഗ്യ വകുപ്പിന് കീഴിലുള്ള ആശുപത്രികളിലും സ്വീകരിച്ചിട്ടുള്ള നടപടികൾ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധം I ആയി ചേർക്കുന്നു. |
| (ബി) | സംസ്ഥാനത്തെ വിവിധ സർക്കാർ ആശുപത്രികളിൽ ഇതിനായി എന്തൊക്കെ സേവനങ്ങൾ ലഭ്യമാണെന്നും പ്രവർത്തനങ്ങൾ തൃപ്തികരമാണോയെന്നും അറിയിക്കുമോ; | (ബി) | വാഹനാപകടങ്ങളിൽ പരിക്കേറ്റ് താലൂക്ക് ആശുപത്രി/ ജില്ലാ ആശുപത്രി/ജനറൽ ആശുപത്രി എന്നിവിടങ്ങളിൽ എത്തുന്ന രോഗികൾക്ക് കാഷ്വാലിറ്റി വിഭാഗം മുഖേന ചികിത്സ നൽകി വരുന്നു. കൂടുതൽ ചികിത്സ ആവശ്യമായി വരുന്ന രോഗികളെ മെഡിക്കൽ കോളേജിലേക്ക് റഫർ ചെയ്തു വരുന്നു. സംസ്ഥാനത്ത പ്രധാന ആശുപത്രികളിൽ കാഷ്വാലിറ്റി സംവിധാനം 24 മണിക്കൂറും പ്രവർത്തിച്ചു വരുന്നുണ്ട്. കൂടാതെ അടിയന്തിര സമയങ്ങളിൽ വെന്റിലേറ്റർ ഉൾപ്പെടെയുള്ള എല്ലാ സേവനങ്ങളും നൽകി വരുന്നു. മാത്രമല്ല 108 ആംബുലൻസ് സൗകര്യവും ഉറപ്പുവരുത്തുന്നു. |

| | | | |
|---|---|---|---|
| | | | സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിൽ ട്രോമാകെയറുമായി ബന്ധപ്പെട്ട് നടത്തി വരുന്ന പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ അനുബന്ധം II ആയി ചേർക്കുന്നു. |
| (സി) | വാഹനാപകടത്തിൽപെടുന്നവർക്ക് സൗജന്യ ചികിത്സ നൽകുന്നതിന് തീരുമാനം എടുത്തിട്ടുണ്ടോ ; വിശദമാക്കുമോ? | (സി) | ഇക്കാര്യം സർക്കാർ പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

<u>അനുബന്ധം I</u>

**<u>വാഹനാപകടത്തിൽപ്പെട്ടുന്നവർക്ക് ആദ്യ മണിക്കൂറിനുള്ളിൽ (ഗോൾഡൻ ഹവർ) നൽകുന്ന ചികിത്സയ്ക്കുള്ള പ്രാധാന്യം കണക്കിലെടുത്ത് ആരോഗ്യ വകുപ്പിന് കീഴിലുള്ള ആശുപത്രികളിലും മെഡിക്കൽ കോളേജുകളിൽ നൽകി വരുന്ന സേവനങ്ങൾ</u>**

വാഹനാപകടങ്ങളിൽപ്പെട്ടവർക്ക് അതിവേഗ ചികിത്സ ലഭ്യമാക്കുന്നതിനായി പ്രൈമറി കെയർ, സെക്കൻഡറി കെയർ, ടെർഷ്യറി കെയർ എന്നീ തലങ്ങളിൽ ട്രോമാ കെയർ സംവിധാനം സംസ്ഥാന സർക്കാർ നയത്തിന്റെ അടിസ്ഥാനത്തിലും നാഷണൽ ഗൈഡ്ലൈൻസ് അനുസരിച്ചും എയിംസ് നൽകിയിട്ടുള്ള മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലും ക്രമീകരിച്ചിട്ടുണ്ട്.

<u>പ്രൈമറി കെയർ</u> – ഈ സംവിധാനത്തിൽ, വാഹനാപകടത്തിൽ പരിക്കേറ്റ് വരുന്നവർക്ക് അടിയന്തിരമായി പ്രഥമ ശുശ്രൂഷ നൽകി രോഗിയുടെ ആരോഗ്യ സ്ഥിതി അനുസരിച്ച് കൂടുതൽ ചികിത്സ ലഭ്യമാക്കേണ്ട രോഗികളെ അടുത്ത ആശുപത്രികളിൽ എത്തിക്കുന്നു. കമ്മ്യൂണിറ്റി ഹെൽത്ത് സെൻററുകൾ, താലൂക്ക് ആശുപത്രികൾ, തുടങ്ങിയവ ആണ് പ്രൈമറി കെയർ സംവിധാനത്തിൽ ഉൾപ്പെടുത്തി യിട്ടുളത് .

<u>സെക്കൻഡറി കെയർ</u>– ഈ സംവിധാനം നടപ്പിലാക്കിയിട്ടുള്ളത് സ്പെഷ്യലിറ്റി സേവനങ്ങൾക്കോടൊപ്പം 24 മണിക്കൂറും പ്രവർത്തിക്കുന്ന എമർജൻസി ഓപ്പറേഷൻ തീയേറ്ററുകൾ ഉള്ള ആശുപത്രികളെ ആണ്.

<u>ടെർഷ്യറി കെയർ</u>– ഇത്തരം സംവിധാനത്തിൽ സ്പെഷ്യലിറ്റി, സൂപ്പർ സ്പെഷ്യലിറ്റി സേവനങ്ങളും, എമർജൻസി ഓപ്പറേഷനുകളും മറ്റ് എല്ലാ തരത്തിലുള്ള പരിശോധനകളും ഉൾപ്പെടെ 24 മണിക്കൂർ പ്രവർത്തിക്കുന്ന ആശുപത്രികളെയാണ് തിരഞ്ഞെടുത്തിട്ടുള്ളത്.

സംസ്ഥാനത്തെ സർക്കാർ മെഡിക്കൽ കോളേജുകളെ ട്രോമ കെയർ സംവിധാനങ്ങളുടെ അടിസ്ഥാനത്തിൽ ലെവൽ I,ലെവൽII,ലെവൽ III എന്നിങ്ങനെ തിരിച്ചിട്ടുണ്ട്.

ലെവൽ I: തിരുവനന്തപുരം, ആലപ്പുഴ കോട്ടയം, തൃശ്ശൂർ,കോഴിക്കോട്, എറണാകുളം മെഡിക്കൽ കോളേജുകൾ.

ലെവൽ II: കൊല്ലം, കണ്ണൂർ, മഞ്ചേരി മെഡിക്കൽ കോളേജുകൾ.

ലെവൽ III:വയനാട്, കോന്നി, ഇടുക്കി, കാസർഗോഡ് മെഡിക്കൽ കോളേജുകൾ.

ഇതിൽ കോന്നി, വയനാട് മെഡിക്കൽ കോളേജുകളെ ലെവൽ II ട്രോമ കെയർ സെൻ ററുകളായി ഉയർത്തുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

കേരളത്തിലുള്ള മെഡിക്കൽ കോളേജാശുപത്രി കാഷ്വാലിറ്റികളെ അത്യാഹിത വിഭാഗമാക്കി മാറ്റുന്നതിന് വേണ്ടി എമർജൻസി മെഡിസിൻ വിഭാഗത്തിൽ വിവിധ മെഡിക്കൽ കോളേജുകളിലായി 30 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.

ട്രോമാകെയറിനു ആവശ്യമായ മാനവശേഷി കണ്ടെത്തുന്നതിനായി ഓരോ

സ്ഥാപനങ്ങളിലും എച്ച്.ആർ വിനിയോഗം പെർഫോർമൻസ് ഓഡിറ്റ്, ഗ്യാപ്പ് അനാലിസിസ് എന്നിവയുടെ അവലോകന റിപ്പോർട്ടുകൾ തയ്യാറാക്കിയിട്ടുണ്ട്. ശക്തമായ ഒരു സെക്യൂരിറ്റി സംവിധാനവും സെക്യൂരിറ്റി സൂപ്പർവൈസർസ്, സർജന്റ് എന്നിവരുടെ സേവനവും ഉറപ്പുവരുത്തിയിട്ടുണ്ട്. എക്സ് സർവ്വീസ് ആയിട്ടുള്ള വ്യക്തികളെയാണ് ഇതിലേക്ക് നിയമിച്ചിട്ടുള്ളത്. റോഡപകടങ്ങളിൽപ്പെടുന്നവർക്കുള്ള ഫസ്റ്റ് എയ്ഡ്, ബേസിക് ലൈഫ് സപ്പോർട്ട്, അഡ്വാൻസ്ഡ് ട്രോമാകെയർ ട്രെയിനിംഗ് മുതലായവ സർക്കാർ സ്ഥാപനമായ അപ്പെക്സ് ട്രോമാ ആൻഡ് എമർജൻസി ലേണിംഗ് സെൻറർ നൽകി വരുന്നു. ഇ–ഹെൽത്ത് സംവിധാനം മുഖേന അപകടങ്ങളെ സംബന്ധിച്ചിട്ടുള്ള വിവരങ്ങൾ ദിനംപ്രതി കമ്പ്യൂട്ടറിൽ ശേഖരിക്കുന്നു. എല്ലാ ആംബുലൻസുകളിലും ജി പി എസ് സംവിധാനം ഘടിപ്പിക്കുകയും ജി പി എസ് ഘടിപ്പിക്കാത്ത ആംബുലൻസുകളെ ആശുപത്രികൾ നിസ്സഹകരിക്കുന്നതിനുള്ള നടപടികളും ആരംഭിച്ചിട്ടുണ്ട്.

## ആരോഗ്യ വകുപ്പുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ

വാഹനാപകടത്തിൽ പെടുന്നവർക്ക് ആദ്യ മണിക്കൂറുകളിൽ(ഗോൾഡൻ ഹവർ) ചികിത്സലഭ്യമാക്കുന്നതിന് 108 ആംബുലൻസുകളുടെ സേവനം ലഭ്യമാണ് ആശുപത്രിയിൽ എത്തിയ്ക്കുന്ന രോഗികൾക്ക് ക്യാഷ്വവാലിറ്റി വിഭാഗം മുഖേന ചികിത്സ നൽകിവരുന്നു . താലൂക്ക് ആസ്ഥാന ആശുപത്രി / ജില്ലാ ആശുപത്രി / ജനറൽ ആശുപത്രി എന്നിവിടങ്ങളിൽ ക്യാഷാലിറ്റി വിഭാഗത്തിന്റെ സേവനം ലഭ്യമാണ് . കൂടുതൽ ചികിത്സ ആവശ്യമായി വരുന്ന രോഗികളെ മെഡിക്കൽ കോളേജിലേയ്ക്ക് റഫർ ചെയ്തു വരുന്നു .

"എമർജൻസി മെഡിക്കൽ കെയർ ശക്തിപ്പെടുത്തൽ" എന്ന ഒരു പ്ലാൻ സ്കീമിലൂടെ ഡിഎച്ച്എസിന് കീഴിലുള്ള സ്ഥാപനങ്ങൾക്ക് അടിയന്തിര മെഡിക്കൽ പരിചരണവുമായി ബന്ധപ്പെട്ട ഉപകരണങ്ങൾ നൽകുന്നു. കൂടാതെ ഡോക്ടർമാർ, സ്റ്റാഫ് നഴ്സുമാർ, അറ്റൻഡർമാർ എന്നിവർക്കും ആരോഗ്യവകുപ്പ് അടിയന്തര വൈദ്യസഹായം നല്കുന്നതിൽ പരിശീലനം നൽകിയിട്ടുണ്ട്. നിലവിൽ ജി.എച്ച് എറണാകുളം, ഡി.എച്ച് പാലക്കാട് എന്നിവയാണ് ലെവൽ 2 സൗകര്യങ്ങളായി പൂർത്തിയാകാറായ ആശുപത്രികൾ. മുൻ ആക്ഷൻ പ്ലാൻ പ്രകാരം 52 ആശുപത്രികളെ ട്രോമ കെയർ സൗകര്യമുള്ള ആശുപത്രികളായി വികസിപ്പിക്കാൻ തിരഞ്ഞെടുത്തിരുന്നു.

എറണാകുളം ജനറൽ ആശപത്രി, പാലക്കാട്, കണ്ണൂർ, കാഞ്ഞങ്ങാട് ജില്ലാ ആശുപത്രികൾ എന്നീ സ്ഥാപനങ്ങളെ ലെവൽ 2 സൗകര്യങ്ങളായി ഉയർത്താൻ തിരഞ്ഞെടുത്തിട്ടുണ്ട്.

## അനുബന്ധം II

## സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിൽ ട്രോമാകെയറുമായി ബന്ധപ്പെട്ട് നടത്തി വരുന്ന പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ

സർക്കാർ മെഡിക്കൽ കോളേജ്, തിരുവനന്തപുരം

അപകടം പറ്റി ഒരാളെ കൊണ്ടുവന്നാൽ കാലതാമസം കൂടാതെ ഒ പി ടിക്കറ്റ് എടുക്കുവാനും ട്രിയാഗിൽ ഡോക്ടറെ കാണിക്കുവാനായി പി ആർ ഒ മാരെ നിയമിച്ചിട്ടുണ്ട്. കൂടാതെ ട്രോമാകെയറിൽ പ്രത്യേക പരിശീലനം നേടിയ സീനിയർ നഴ്സിംഗ് ഓഫീസർമാരുടെ സേവനം 24 മണിക്കൂറും ഉറപ്പുവരുത്തിയിട്ടുണ്ട്. ഇവരുടെ മേൽനോട്ടത്തിൽ പരിശീലനം ലഭിച്ച നിരവധി കീഴ്ജീവനക്കാരും ജോലി ചെയ്യുന്നുണ്ട്.

അത്യാഹിത വിഭാഗത്തിന് മുന്നിൽ റോഡപകടങ്ങളിൽപ്പെട്ടു കൊണ്ട് വരുന്ന രോഗിയെ പറ്റി വിവരം കിട്ടിയാൽ ഉടനെ തന്നെ സർവ്വ സജ്ജീകരണങ്ങളോടുകൂടിയ ട്രോളി പുള്ളേർസ് അത്യാഹിത വിഭാഗത്തിന് മുന്നിൽ ജോലിയിൽ ഉണ്ട്. കൂടാതെ സർജറി അത്യാഹിത വിഭാഗത്തിൽ കണ്ടതിനു ശേഷം പരിശോധനകൾക്കു വേണ്ടി മുൻഗണന കിട്ടുന്നതിനായി റെഡ് ടാഗ്, റെഡ് സീൽ, അലെർട്ട് സിസ്റ്റം മുതലായവ ഉണ്ട്. കൂടാതെ ട്രാൻസ്പോർട്ട് വെന്റിലേറ്ററുകളും, ഓക്സിജൻ നൽകുന്നതിനുള്ള സംവിധാനങ്ങളും കാഷ്വാലിറ്റിയിൽ തന്നെ സജ്ജീകരിച്ചിട്ടുണ്ട്. സർജറിയുടെ അത്യാഹിത വിഭാഗത്തിൽ വെന്റിലേറ്ററുകളും അത്യാധുനിക മോണിറ്ററുകളും സജ്ജീകരിച്ചിട്ടുണ്ട്. വളരെ ഗുരുതരാവസ്ഥയിലുള്ള രോഗികൾക്ക് താമസമില്ലാതെ ശസ്ത്രക്രിയ നടത്തുവാനായി 24 മണിക്കൂറും പ്രവർത്തിക്കുന്ന ഓപ്പറേഷൻ തിയേറ്ററും ക്യാഷ്വാലിറ്റിയിൽ സജ്ജമാണ്.

സർക്കാർ മെഡിക്കൽ കോളേജ്, കൊല്ലം

കൊല്ലം സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രിയിൽ റോഡപകടങ്ങളിൽപ്പെട്ട് എത്തുന്ന രക്ത സ്രാവം ഉള്ള രോഗികൾക്ക് രക്തം നൽകുന്നതിനും, രക്തസ്രാവം കുറയ്ക്കുന്നതിനുമുള്ള ചികിത്സ, ഹൃദയ താളം പുനരുജ്ജീവനം ചെയ്യുന്നതിനുള്ള ചികിത്സ എന്നിവ നൽകിവരുന്നു.

സർക്കാർ മെഡിക്കൽ കോളേജ്, കോന്നി

കാഷ്വാലിറ്റിയിൽ വരുന്ന രോഗികളെ ട്രയാജ് സംവിധാനത്തിൽ റെഡ്, ഗ്രീൻ, യെല്ലോ സോണുകളായി തരം തിരിച്ച് വേണ്ട ചികിത്സ കൊടുക്കുവാനും റഫർ ചെയ്യുന്നതിനുമുള്ള സംവിധാനം ഒരുക്കിയിട്ടുണ്ട്. സി റ്റി, എക്സ് റേ, യു എസ് റ്റി സംവിധാനങ്ങൾ നിലവിലുണ്ട്.

സർക്കാർ മെഡിക്കൽ കോളേജ്, കോട്ടയം

കോട്ടയം മെഡിക്കൽ കോളേജ് ആശുപത്രിയിൽ കാഷ്വാലിറ്റി വിഭാഗത്തിൽ ട്രയാഗ് സംവിധാനം രൂപീകരിച്ചിട്ടുണ്ട്. ഗുരുതരമായി വരുന്ന രോഗികൾക്ക് റെഡ് സോണിൽ ചികിത്സ ഏർപ്പെടുത്തുന്നുണ്ട്. 5 ഓപ്പറേഷൻ തിയേറ്റർ, 14 ഐ സി യു ബെഡുകൾ, സി റ്റി സ്കാൻ, എം ആർ ഐ, അൾട്രാസൗണ്ട്, ഡി എസ് എ എന്നീ സൗകര്യങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്. കാഷ്വാലിറ്റിയിൽ ഫാർമസി, ബ്ലഡ് കളക്ഷൻ സെന്റർ, സ്ട്രോക്ക് യൂണിറ്റ് എന്നിവ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ കാഷ്വാലിറ്റിയോട് ചേർന്ന് ഡി.സി.എച്ച്.എ.സി.ആർ ലാബുകളും പ്രവർത്തിക്കുന്നു. കാഷ്വാലിറ്റിയിൽ രോഗികളെ കൊണ്ടുപോകുന്നതിനായി ട്രോളി സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്.

കോട്ടയം മെഡിക്കൽ കോളേജ് ആശുപത്രിയിൽ ട്രോമാകെയർ സംവിധാനം കഴിഞ്ഞ നാലര വർഷമായി സുഗമമായി തന്നെ പ്രവർത്തിച്ചുവരുന്നു. അത്യാഹിത വിഭാഗത്തിൽ എമർജൻസി മെഡിസിൻ എന്ന പ്രത്യേക വിഭാഗം ആക്സിഡന്റായി വരുന്ന രോഗികളെ ട്രയാഗ് സംവിധാനത്തിൽ തരംതിരിച്ച് വിദഗ്ധ ചികിത്സ നൽകുന്നുണ്ട്. ട്രോമാകെയറിനു മാത്രമായി പ്രത്യേക ഓപ്പറേഷൻ തിയേറ്റർ, എല്ലാ ദിവസങ്ങളിലും പ്രവർത്തിക്കുന്നുണ്ട്. ട്രോമാകെയറിന്റെ കീഴിൽ ഓർത്തോ, ന്യൂറോ, സർജറി വിഭാഗങ്ങളുടെ കീഴിൽ പ്രവർത്തിക്കുന്ന ഡെഡിക്കേറ്റഡ് ആയിട്ടുള്ള 15 ബെഡുകളുള്ള കെയർ ഐ സി യു പ്രവർത്തിക്കുന്നു. ഇതുകൂടാതെ ജനറൽ സർജറി, ഓർത്തോപീഡിക്സ്, ഇ എൻ റ്റി, ഒഫ്ത്താൽമോളജി, ദന്തൽ, ന്യൂറോസർജറി, പീഡിയാട്രിക് സർജറി, പ്ലാസ്റ്റിക് സർജറി, യൂറോളജി, കാർഡിയോ തൊറാസിക് സർജറി എന്നീ വിഭാഗങ്ങളിൽ നിന്നും രോഗികൾക്ക് ചികിത്സ ലഭിക്കുന്നു.

<u>സർക്കാർ മെഡിക്കൽ കോളേജ്, ആലപ്പുഴ</u>

ആലപ്പുഴ മെഡിക്കൽ കോളേജിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന ലെവൽ II ട്രോമാ കാഷ്വാലിറ്റി നിലവിലുണ്ട്. ജനറൽ സർജറി, ഓർത്തോപീഡിക്സ്, ഇ എൻ റ്റി, ഒഫ്ത്താൽമോളജി, OFMS വകുപ്പുകളിലെ ഡ്യൂട്ടി മെഡിക്കൽ ഓഫീസർമാർ ഈ കാഷ്വാലിറ്റിയിൽ ഡ്യൂട്ടി എടുക്കുകയും വാഹനാപകട ങ്ങളിൽപ്പെട്ടു വരുന്ന രോഗികൾക്ക് അടിയന്തിര ചികിത്സ ലഭ്യമാക്കുന്നുമുണ്ട്. ഇത് കൂടാതെ ന്യൂറോ സർജറി, യൂറോളജി, കാർഡിയോതൊറാസിക് സർജറി ഡോക്ടർമാരുടെയും സേവനം 24 മണിക്കൂറും ലഭ്യമാണ്.

<u>സർക്കാർ മെഡിക്കൽ കോളേജ്, എറണാകുളം</u>

എറണാകുളം സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രിയിൽ അത്യാഹിത വിഭാഗത്തിൽ ട്രോമാകെയറുമായി ബന്ധപ്പെട്ട് സാധ്യമായ എല്ലാ അടിയന്തിര ചികിത്സയും നൽകിവരുന്നു.

<u>സർക്കാർ മെഡിക്കൽ കോളേജ്, ഇടുക്കി</u>

ഇടുക്കി മെഡിക്കൽ കോളേജ് ആശുപത്രിയിൽ രോഗികളുടെ പരിക്കിന് ആനുപാതികമായി സർജറി, ഓർത്തോ തുടങ്ങിയ വിഭാഗങ്ങളെ കാണുവാനും ഗുരുതര പരിക്കേറ്റവരെ പ്രാഥമിക ശുശ്രൂഷ നടത്തി ഉയർന്ന ആശുപത്രിയിലേക്ക് വിടുന്നു.

<u>സർക്കാർ മെഡിക്കൽ കോളേജ്, തൃശ്ശൂർ</u>

തൃശ്ശൂർ സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രിയിൽ ഗുരുതരാവസ്ഥയിൽ എത്തുന്ന രോഗികളെ ട്രയാജിൽ(കാഷ്വാലിറ്റി) പ്രവേശിപ്പിച്ച്, രോഗത്തിന്റെ ഗുരുതരാവസ്ഥ അനുസരിച്ച് റെഡ് സോൺ, യെല്ലോ –ഗ്രീൻ സോൺ എന്നീ വിഭാഗങ്ങളായി തിരിച്ച് അടിയന്തിര ചികിത്സ ലഭ്യമാക്കുന്നുണ്ട്. വിവിധ ചികിത്സാ വിഭാഗങ്ങളിലെ (ജനറൽ മെഡിസിൻ, ജനറൽ സർജറി, അസ്ഥിരോഗം, സ്ത്രീ രോഗം, ശിശുരോഗം, ഇ എൻ റ്റി, ഓഫ്ത്താൽമോളജി, റേഡിയോളജി) അസിസ്റ്റന്റ് പ്രൊഫസർ, സീനിയർ റസിഡന്റ്, ജൂനിയർ റസിഡന്റ്, ഹൗസ് സർജൻസ് മുതലായവരുടെയും, കാഷ്വാലിറ്റി മെഡിക്കൽ ഓഫീസർ, എമർജൻസി മെഡിസിൻ വിഭാഗത്തിലെ അസോസിയേറ്റ് പ്രൊഫസർ, അസിസ്റ്റന്റ് പ്രൊഫസർ, സീനിയർ റസിഡന്റ്സ് തുടങ്ങിയവരുടെയും സേവനം പല ഷിഫ്റ്റുകളിലായി അത്യാഹിത വിഭാഗത്തിൽ നിലവിൽ ലഭ്യമാണ്. അടിയന്തിര ഘട്ടങ്ങളിൽ വിവിധ ചികിത്സാ വിഭാഗങ്ങളിലെ അസോസിയേറ്റ് പ്രൊഫസർ, പ്രൊഫസർ എന്നിവരുടെ സേവനവും കാഷ്വാലിറ്റിയിൽ പ്രയോജനപ്പെട്ടു ത്താറുണ്ട്. കാഷ്വാലിറ്റി ഡെപ്യൂട്ടി സൂപ്രണ്ട് ആണ് മേൽ പ്രവർത്തനങ്ങൾ തൃശ്ശൂർ മെഡിക്കൽ കോളേജിൽ

ഏകോപിപ്പിക്കുന്നത്.

<u>സർക്കാർ മെഡിക്കൽ കോളേജ്, കോഴിക്കോട്</u>

കോഴിക്കോട് സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രിയിൽ എമർജൻസി മെഡിസിൻ വിഭാഗത്തിൽ എമർജൻസി മെഡിസിനോടൊപ്പം ജനറൽ സർജറി, അസ്ഥിരോഗ വിഭാഗം, ന്യൂറോ സർജറി, ഇ എൻ റ്റി, ഓഫ്ത്താൽമോളജി, OMFS, മറ്റ് അനുബന്ധ റേഡിയോ പരിശോധനകൾ (എക്സ്റേ,സി റ്റി സ്കാൻ) എന്നിവ 24 മണിക്കൂറും ലഭ്യമാണ്.

<u>സർക്കാർ മെഡിക്കൽ കോളേജ്, മഞ്ചേരി</u>

മഞ്ചേരി സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രിയിൽ എമർജൻസി കെയർ അല്ലെങ്കിൽ ആർ റ്റി എ കേസുകൾക്കായി ജനറൽ സർജറി, ഓർത്തോപീഡിക്സ്, ഇ എൻ റ്റി, അനസ്തേഷ്യോളജി സേവനങ്ങൾ മിതമായ രീതിയിൽ സജ്ജീകരിച്ചിട്ടുണ്ട്.

<u>സർക്കാർ മെഡിക്കൽ കോളേജ്, കണ്ണൂർ</u>

വാഹനാപകടത്തിൽപ്പെടുന്നവർക്ക് കണ്ണൂർ മെഡിക്കൽ കോളേജ് ആശുപത്രിയിൽ എമർജൻസി മെഡിസിൻ, ജനറൽ സർജറി, ഓർത്തോപീഡിക്സ്, ഒഫ്ത്താൽമോളജി, OMFS മുതലായ സ്പെഷ്യാലിറ്റികളിൽ മുഴുവൻ സമയ സേവനങ്ങളും ലഭ്യമാണ്. കൂടാതെ 24 മണിക്കൂറും ഇമേജിംഗ് സേവനങ്ങളും എമർജൻസി ഓപ്പറേഷൻ തിയേറ്ററുകളും പ്രവർത്തനക്ഷമമാണ്.

<u>സർക്കാർ മെഡിക്കൽ കോളേജ്, വയനാട്</u>

വയനാട് സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രിയിൽ 24 മണിക്കൂറും സേവനം ലഭ്യമാക്കുന്ന വിധത്തിൽ അത്യാഹിത വിഭാഗം ട്രയാജ് സംവിധാനത്തോടുകൂടി പ്രവർത്തിക്കുന്നുണ്ട്. വാഹനാപകടങ്ങളിൽപ്പെട്ടു ചികിത്സയ്ക്ക് എത്തുന്നവർക്ക് ആദ്യ മണിക്കൂറിൽ ചികിത്സ ഉറപ്പാക്കുന്നതിന് താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

1. Early Assessment
2. ABC Management
3. Control and Management of bleeding'
4. Surgical Orthopaedic Interventions
5. Invesitgations (Blood, X-ray, Ct Scan etc....)
6. Secondary Assessment and referal
7. Emergency referal if needed
8. Ambulance service including ICU ambulance

<u>സർക്കാർ മെഡിക്കൽ കോളേജ്, കാസർഗോഡ്</u>

കാസർഗോഡ് മെഡിക്കൽ കോളേജിൽ ട്രോമാ പേഷ്യന്റ്സിന് പ്രാഥമിക ചികിത്സ നൽകിയ ശേഷം കാസർഗോഡ് ജനറൽ ആശുപത്രിയിലേക്ക് വിടുന്നു.